"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - ഇടുക്കി ജില്ല -നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് ഓഫീസ് - സീനിയർ ക്ലർക്ക് - ശ്രീമതി.മഞ്ജു തോമസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ എ നം. 1114/2025 നമ്പർ കേസിലെ അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2210/2025/LSGD തീയതി,തിരുവനന്തപുരം, 15-09-2025

---

പരാമർശം:-

1. ഗ്രാമവികസന കമ്മീഷണറുടെ 18.01.2022ലെ 14831/എസ്റ്റാ സി3/2019/സി ആർ ഡി നമ്പർ നടപടിക്രമം
2. 16.03.2024ലെ സ ഉ (കൈ) നം.46/2024/LSGD
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13.03.2025 ലെ LSGD/PD/335/2025-DED1 നമ്പർ സർക്കുലർ
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.07.2025ലെ LSGD/PD/20426/2025-DEC5 നമ്പർ പൊതു സ്ഥലംമാറ്റ ഉത്തരവ്
5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ എ 1114/2025 നമ്പർ കേസിലെ 17.07.2025ലെ അന്തിമ ഉത്തരവ്
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25.08.2025ലെ LSGD/PD/26168/2025-DEC1 നമ്പർ കത്ത്
7. 11.09.2025-ൽ ചേർന്ന അപ്പീൽ കമ്മിറ്റി യോഗം .

ഉത്തരവ്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 2025ലെ പൊതു സ്ഥലംമാറ്റ ഉത്തരവിനെതിരെ നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലർക്ക് ശ്രീമതി.മഞ്ജു തോമസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ എ നം. 1114/2025 നമ്പർ കേസിലെ 17.07.2025ലെ അന്തിമ ഉത്തരവിൽ അപേക്ഷക സമർപ്പിച്ച എ12 അപ്പീൽ അപേക്ഷ പരിഗണിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദ്ദേശിച്ചിട്ടുണ്ട്.

2.അപേക്ഷക 42 ശതമാനത്തിന് മുകളിൽ ഡിസെബിലിറ്റിയുള്ള ഭിന്നശേഷി വിഭാഗത്തിൽപെട്ട ജീവനക്കാരിയാണെന്നും പരാമർശം (4) പ്രകാരം അപേക്ഷകക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ല ജോയിന്റ് ഡയറക്ടറുടെ ഓഫീസിലേക്കാണ് സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ളതെന്നും നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് , പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത്,

ഇരട്ടയാർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലേക്കാണ് ടിയാൾ ട്രാൻസ്ഫർ റിക്വസ്റ്റ് നൽകിയിരുന്നതെന്നും എന്നാൽ ടി ഓഫീസുകളിൽ ഒഴിവില്ലാത്ത കാരണത്താൽ അപേക്ഷ നിരസിച്ചെന്നും എന്നാൽ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിൽ ഒരു ഒഴിവ് ഉള്ളതായി അറിയാൻ സാധിച്ചെന്നും ബ്ലോക്ക് പഞ്ചായത്തിൽ ക്ലർക്ക് , സീനിയർ ക്ലർക്ക് തസ്തികയുടെ എണ്ണം ജില്ലാതലത്തിൽ 1:1 എന്ന അനുപാതത്തിലാണ് നിർണ്ണയിക്കുന്നതെന്നും; പരാമർശം (1) നടപടിക്രമമനുസരിച്ച് ഇടുക്കി ജില്ലയിൽ ക്ലർക്ക് 18 സീനിയർ ക്ലർക്ക് 17 എന്ന രീതിയിലാണ് അനുപാതം നിർണ്ണയിച്ചിരിക്കുന്നതെന്നും ആയത് പ്രകാരം ഇടുക്കി ജില്ലയിലെ എല്ലാ ബ്ലോക്ക് പഞ്ചായത്തിലും കൂടി ഏകദേശം 12 സീനിയർ ക്ലർക്ക് മാത്രമാണ് ഉള്ളതെന്ന് അറിയാൻ സാധിച്ചിട്ടുണ്ടെന്നും വീട്ടിൽ നിന്ന് പുതിയ സ്റ്റേഷനിലേക്ക് 90 കിലോമീറ്ററിലധികം ദൂരമുണ്ടെന്നും ദീർഘദൂരം യാത്ര ചെയ്യുന്നതിന് ശാരീരികമായി ബുദ്ധിമുട്ടുമുട്ടുണ്ടെന്നും നാലു വയസ്സിന് താഴെ പ്രായമുള്ള കുഞ്ഞും പ്രായമായ മാതാപിതാക്കളും മാത്രം താമസിക്കുന്ന വീട്ടിലെ ഏക ആശ്രയമാണ് അപേക്ഷകയെന്നും അനക്ഷർ എ12 അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചിട്ടുണ്ട്.

2. എ12 അപ്പീൽ അപേക്ഷയിന്മേൽ പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീമതി. മഞ്ജു തോമസ് ഇടുക്കി ജില്ലയിലെ final Queue list of applicants working inside district on station seniority ലിസ്റ്റിൽ 12-ാമതായി ഉൾപ്പെട്ടിരിക്കുന്നു. ശ്രീമതി. മഞ്ജു തോമസ് നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയതിനാൽ പരാമർശം (2) ലെ ഖണ്ഡിക 2 (ബി) പ്രകാരം നിർബന്ധമായും ടിയാളെ സ്ഥലം മാറ്റേണ്ടതുണ്ട്. നെടുംകണ്ടം ബ്ലോക്ക് പഞ്ചായത്ത്, നെടുംകണ്ടം ബ്ലോക്ക് പഞ്ചായത്ത്- LSG എൻജിനീയറിംഗ് വിംഗ്, ഇരട്ടയാർ ഗ്രാമപഞ്ചായത്ത് , പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് എന്നിങ്ങനെ 4 ഓപ്ഷനുകൾ മാത്രമാണ് ടിയാൾ നൽകിയിട്ടുള്ളത്. ആയതിൽ 1,2,4, എന്നീ ഓപ്ഷനുകളിൽ ഒഴിവ് നിലവിലില്ലാതിരുന്നതിനാലാണ് ടിയാളെ പ്രസ്തുത ഓഫീസുകളിലേക്ക് പരിഗണിക്കാതിരുന്നത്. Online application system പരാമർശം (2) ലെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം Final Queue List of applicants on compassionate priority inside district-ൽ ഒന്നാമതായി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി രശ്മി. കെ.ആർ (723887)- നെ യാണ് അന്തിമ സ്ഥലം മാറ്റ പട്ടികയിൽ (മുൻഗണന പട്ടികയിലെ റൊട്ടേഷൻ പ്രകാരം) ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ പരിഗണിച്ചിട്ടുള്ളത്. പരാമർശം (3) സർക്കുലർ പ്രകാരം കേഡർ സ്ട്രെങ്ത് രേഖപ്പെടുത്തുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കി നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ അതതു ഓഫീസ് മേലധികാരികൾ/ചുമതലപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ ഓഫീസിലെ എല്ലാ തസ്തികകളുടെയും കേഡർ സ്ട്രെങ്ത് രേഖപ്പെടുത്തി ജീവനക്കാരെ കേഡർ സ്ട്രെങ്ത്തിൽ ചേർത്ത് ലഭ്യമാക്കിയതിൽ നെടുംകണ്ടം ബ്ലോക്ക് പഞ്ചായത്തിൽ സീനിയർ ക്ലാർക്ക് സ്ട്രെങ്ത് രേഖപ്പെടുത്തിയിട്ടില്ലാത്താണ്. ആയതിനാൽ സീനിയർ ക്ലാർക്കിന്റെ തസ്തിക നിലവിലില്ലാത്ത നെടുംകണ്ടം ബ്ലോക്ക് പഞ്ചായത്തിലേക്ക് സ്ഥലംമാറ്റം നൽകാൻ സാധിക്കില്ല. ഇപ്രകാരം ടിയാൾ നൽകിയിട്ടുള്ള ഓപ്ഷനുകളിൽ സീനിയർ ക്ലാർക്കിന്റെ ഒഴിവ് നിലവിൽ ഇല്ലാതിരുന്നതിനാലാണ് , ടിയാളെ സ്ഥലം മാറ്റ മാനദണ്ഡത്തിലെ 2 (ബി) പ്രകാരം നിലവിൽ ഒഴിവുള്ള ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ പരിഗണിച്ചിട്ടുള്ളത്. ടിയാളുടെ സ്ഥലംമാറ്റ അപേക്ഷയിൽ വളരെ കുറച്ച് ഓപ്ഷനുകൾ മാത്രം ഉൾപ്പെടുത്തി അപേക്ഷ സമർപ്പിച്ചിരുന്നതിനാലും ടിയാളുടെ ഓപ്ഷനുകളിൽ ആവശ്യമായ ഒഴിവ് ഇല്ലാതിരുന്നതിനാലുമാണ് ടിയാൾ സമർപ്പിച്ച ഓപ്ഷനുകളിൽ സ്ഥലം മാറ്റം ലഭിക്കാതെ പോയത്. സ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ടിയാൾക്ക് ലഭ്യമായിരുന്ന അവസരം കൃത്യമായി ഉപയോഗിക്കാത്തിനാലും നിലവിലെ സ്ഥലംമാറ്റം മാനദണ്ഡങ്ങൾക്ക് വിധേയമായതിനാലും എ12 അപ്പീൽ അപേക്ഷ

പരിഗണനാർഹമല്ലാത്തിനാൽ നിരസിക്കാവുന്നതാണ്.

3. തുടർന്ന് പരാമർശം (7) പ്രകാരം അപ്പീൽ കമ്മിറ്റി എ12 അപ്പീൽ അപേക്ഷ പരിഗണിച്ചു. അപേക്ഷക നൽകിയതു 4 ഓപ്ഷൻ മാത്രമായിരുന്നു. ആയതിൽ ഓപ്ഷൻ -3 ൽ സീനിയർ ക്ലർക്കിന്റെ ഒഴിവു ഇല്ലാത്തതാണ് . വകുപ്പിന്റെ ഏകീകരണത്തിനു മുൻപ് ഉണ്ടായിരുന്ന പരാമർശം (1) സർക്കാർ നിർദേശത്തിലെ കേഡർസ്ട്രെങ്ത് /അംഗബലം പ്രകാരം ആണ് അപേക്ഷക ഇപ്രകാരം പോസ്റ്റ് ഉണ്ട് എന്നും ആയതിലേക്ക് നിയമനം നൽകണമെന്നും എ12 അപ്പീലിൽ ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തിനു ശേഷം പരാമർശം (3) പ്രകാരം അംഗബലം നിശ്ചയിക്കുന്നതിനുള്ള പുതുക്കിയ നിർദേശം സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. ടി നിർദേശപ്രകാരം സീനിയർ ക്ലാർക്ക് തസ്തിക നെടുംങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ക്ലർക്കിന്റെ അംഗബലം ജില്ലാതലത്തിലും , സീനിയർ ക്ലർക്കിന്റെ അംഗബലം സംസ്ഥാനതലത്തിലും നിർണ്ണയിക്കപ്പെട്ടതുമാണ് എന്നതിനാൽ മാനദണ്ഡപ്രകാരം നെടുംങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിൽ നിലവിൽ ഒഴിവു ഇല്ല ; ഒഴിവു വരാനുള്ള സാധ്യത വിദൂരമാണ് എന്നും അപേക്ഷക കൂടുതൽ സ്റ്റേഷൻ ഓപ്റ്റ് ചെയ്യാത്തതിനാൽ ഭിന്നശേഷി മുൻഗണനാ മാനദണ്ഡപ്രകാരം പിന്തള്ളപ്പെട്ടു ; പരാമർശം (2) ലെ സ്ഥലമാറ്റങ്ങളുടെ അടിസ്ഥാന മാനദണ്ഡങ്ങൾ , അംഗബലം എന്നിവയുടെ അടിസ്ഥാനത്തിലും, ഒഴിവുകൾ കുറവായ സാഹചര്യത്തിലും ആവശ്യം അംഗീകരിക്കാനാകില്ല എന്നും എ12 അപ്പീൽ അപേക്ഷ നിരസിക്കാവുന്നതാണെന്നും അപ്പീൽ കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്.

4.മേൽസാഹചര്യത്തിൽ പരാമർശം (6) , (7) എന്നിവയുടെ അടിസ്ഥാനത്തിൽ എ12 അപ്പീൽ അപേക്ഷ നിരസിച്ചും ; എന്നാൽ 40 ശതമാനത്തിലധികം ഭിന്നശേഷിയായിട്ടുള്ള അപേക്ഷകയ്ക്ക് പരിഗണന നൽകിക്കൊണ്ട് അനുബന്ധ തസ്തികകളിൽ സ്ഥാനക്കയറ്റങ്ങൾ ഉണ്ടാകുന്ന സന്ദർഭത്തിൽ ടിയാൾ രേഖാമൂലമുള്ള അപേക്ഷ നൽകുന്ന പക്ഷം അപേക്ഷകക്കു സൗകര്യപ്രദമായ പരിസരപ്രദേശത്തെ സ്റ്റേഷനുകളിൽ ഒഴിവു കണ്ടെത്തി അനുകൂല നടപടികൾ പരിശോധിച്ച് നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

5.മേൽ പ്രകാരം പരാമർശം (5) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1.ശ്രീമതി.മഞ്ജു തോമസ് , സീനിയർ ക്ലർക്ക് , നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
3.അഡ്വക്കേറ്റ് ജനറൽ , കേരള , തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
5.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , ഇടുക്കി (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.സെക്രട്ടറി,നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

7.തദ്ദേശസ്വയംഭരണ(ഇആർഎ) വകുപ്പ് (പരാമർശം (7) പ്രകാരം)

8.ഡയറക്ടർ . ഐ കെ എം

9.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

10.കരുതൽ ഫയൽ (ഫയൽ നം.191/ഇപിഎ1/2025-എൽഎസ്ജിഡി )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ